(ഡി) കാവേരി നദീജലത്തിൽ നിന്നും അർഹമായ വിഹിതം ലഭിക്കുന്നതിനുവേണ്ടി കാവേരി നദീജലതർക്ക ട്രൈബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കാവേരി നദീജലത്തിൽ നിന്നും 99.8 ടി.എം.സി. ജലം ലഭിക്കുന്നതിനുവേണ്ടി 21 പദ്ധതികളുടെ പ്രിലിമിനറി റിപ്പോർട്ട് ട്രൈബ്യൂണൽ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. അർഹമായ വിഹിതം കിട്ടുന്നതിനുവേണ്ടി നിയമപരവും ഭരണപരവും ആയ എല്ലാവിധ നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) കാവേരി നദീജല അതോറിറ്റിയിൽ കേരളത്തിന് അർഹമായ ജലത്തിന്റെ അവകാശവാദം ഉന്നയിക്കുവാൻ സാധിക്കുന്നതല്ല. 25-6-1991-ലെ കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകളും അനുബന്ധ ഉത്തരവുകളും നടപ്പിൽ വരുത്തുവാൻ വേണ്ടിയാണ് കാവേരി റിവർ അതോറിറ്റി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ളത്.

ഭവാനി നദിയിൽ തടയണ കെട്ടുന്നതിന് വന്ന സ്റ്റേ ഒഴിവാക്കുന്നതിന് നടപടി

5 (3945) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവാനി നദിയിൽ നിന്നും സംസ്ഥാനത്തിന് എത്ര അളവ് വെള്ളം കിട്ടാനുള്ള അർഹതയുണ്ട് ;

(ബി) പ്രസ്തുത നദിയിൽ തടയണ കെട്ടുന്ന നടപടിക്ക് നൽകിയ സ്റ്റേ വെക്കേറ്റ് ചെയ്യുവാൻ എന്തു നടപടി എടുത്തു ;

(സി) നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തപക്ഷം ആയതിനുള്ള കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിനും തമിഴ്നാടുമായുള്ള ശിരുവാണി കരാർ പ്രകാരം കേരളത്തിന് ഭവാനി നദിയിൽ നിന്നും 2.5 ടി.എം.സി. വെള്ളം കിട്ടാനുള്ള അർഹതയുണ്ട്. കൂടാതെ ഭവാനി നദീതടത്തിലെ കേരളത്തിന്റെ സംഭാവനയായ 36 ടി.എം.സി. ജലത്തിന്റെ അവകാശവാദം കേരളം കാവേരി നദീജലത്തിന്റെ ട്രൈബ്യൂണൽ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

(ബി) ഭവാനി നദിയിലെ മുക്കാലിതടയണയുടെ നിർമ്മാണം സ്റ്റേ ചെയ്തു കൊണ്ടുള്ള കാവേരി നദിജലതർക്ക ട്രൈബ്യൂണലിന്റെ ഉത്തരവിൻമേൽ സുപ്രീം കോടതിയിൽ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുവാനുള്ള നടപടികൾ എടുത്തുവരുന്നു. മുക്കാലി തടയണയുടെ നിർമ്മാണം നിർത്തിവെയ്ക്കണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കേന്ദ്രപരിസ്ഥിതി വനംവകുപ്പ് മന്ത്രാലയത്തിന് കത്തെഴുതിയിട്ടുണ്ട്. കൂടാതെ 13-2-2003-ന് തിരുവനന്തപുരത്തു വച്ച് കേരളവും തമിഴ്നാടും തമ്മിൽ നടന്ന മന്ത്രിതല യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി.

(സി) ഉദിക്കുന്നില്ല.

മുല്ലപ്പെരിയാർ ഡാമിൽ നിന്നും തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തെ സംബന്ധിച്ച കരാർ

6 (3946) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നും തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ ഉപയോഗത്തെ സംബന്ധിച്ച് തമിഴ്നാടുമായി നടന്ന കേസിന്റെ രേഖകൾ ലഭ്യമാണോ ;

(ബി) ആണെങ്കിൽ ഈ രേഖകളിൽ പ്രസ്തുത അണക്കെട്ടിലെ വെള്ളം എത്രകാലം ഉപയോഗിക്കുവാൻ തമിഴ്നാടിനെ അനുവദിച്ചു എന്നത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ടോ ;

(സി) മുല്ലപ്പെരിയാർ നദീജലകരാറിനെപ്പറ്റി നാഗമയ്യായുടെയോ സദസ്യതിലകൻ ടി. കെ. വേലുപ്പിള്ളയുടേയോ സ്റ്റേറ്റ്മാനുവലിലോ മറ്റേതെങ്കിലും പ്രസിദ്ധീകൃത ഗ്രന്ഥങ്ങളിലോ പ്രതിപാദിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ കാലാവധി എത്രയാണെന്നാണ് ഈ മാനുവലുകളിൽ പറഞ്ഞിട്ടുള്ളത് ;

(ഇ) അറിയപ്പെടുന്ന നിയമത്തിൽ എവിടെയെങ്കിലും ഒരു കരാറിന് 999 (തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത്) കൊല്ലത്തെ കാലാവധി പറഞ്ഞിട്ടുണ്ടോ ;

(എഫ്) നിയമത്തിന് അജ്ഞാതമായ ഈ കാലാവധിയെ റദ്ദ് ചെയ്യാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തമിഴ്നാടുമായി ആർബിട്രേഷൻ ട്രൈബ്യൂണലിൽ നടന്ന കേസിന്റെ രേഖകളുടെ കോപ്പി ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly